കോൺഗ്രസ്സിന്റെയും മറ്റും നേതൃത്വത്തിൽ നടത്തുകയുണ്ടായി. അടിയന്തരമായിട്ടും മമ്പറത്ത് പുതിയ പാലം നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള തുക അനുവദിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, സ്റ്റേറ്റ് ഹൈവേ 38-ലുള്ള മമ്പറം പാലം 2006 ജനുവരി മുതൽ അപകടാവസ്ഥയിലാണ്. വാഹനഗതാഗതം നിർത്തിവച്ച് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി 2006 ഏപ്രിലിൽ പാലം ഗതാഗതത്തിനായി തുറന്നു കൊടുത്തെങ്കിലും പുതിയ പാലം പണിയണമെന്ന വിദഗ്ദ്ധ ഉപദേശം ലഭിച്ചതുകൊണ്ട് 8-7-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലം നിർമ്മാണത്തിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-16 സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന്റെ പ്രിൻസിപ്പൽ സാങ്ഷൻ നൽകുകയുണ്ടായി. പാലം പണിക്ക് 2010 ഷെഡ്യൂൾ പ്രകാരമുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. പാലത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 19-2-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 29 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. നബാർഡ് ധനസഹായം ലഭ്യമായില്ലെങ്കിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പണം ലഭ്യമാക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(5) നന്ദാവനത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

ശ്രീ. വി. ശിവൻകുട്ടി : സർ, എസ്.സി./എസ്.ടി. വിഭാഗത്തിനുവേണ്ടി ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തലസ്ഥാന നഗരിയിൽ ഉടൻ ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. പട്ടികജാതി വികസന ഡയറക്ടറേറ്റിനുവേണ്ടി ഈ സർക്കാർ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അയ്യങ്കാളി ഭവനെന്ന് നാമകരണം ചെയ്യുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ കനകനഗറിലാണ് അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. വിവിധ സർക്കാർ സ്ഥാപനങ്ങൾ, എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ഏതാണ്ട് ഒരു ഡസനോളം വരുന്ന സർക്കാർ സ്ഥാപനങ്ങൾ ഇതിന്റെ കീഴിൽ പ്രവർത്തിച്ചുവരികയാണ്. അയ്യങ്കാളി ഭവന്റെ മുമ്പിൽ അയ്യങ്കാളിയുടെ സ്മരണ അനശ്വരമാക്കുന്നതിന് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കണമെന്ന ഒരു പൊതുആവശ്യം ഉയർന്നുവന്നിട്ടുണ്ട്. മുമ്പ് ഈ ഡയറക്ടറേറ്റ് പ്രവർത്തിച്ചിരുന്ന തിരുവനന്തപുരത്തെ നന്ദാവനത്തുള്ള സ്ഥലത്ത് 2002-ൽ മുൻ ഗവൺമെന്റ് ഒരു തറക്കല്ലിട്ടു. അത് ഇപ്പോൾ കാടുകയറി അനാഥമായി കിടക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അങ്ങ് വന്നതിന് ശേഷമാണ് പുതിയ ഡയറക്ടറേറ്റ് അയ്യങ്കാളി ഭവൻ തുടങ്ങിയത്. ഇപ്പോൾ കാടുകയറി അനാഥമായി കിടക്കുന്ന നന്ദാവനത്തുള്ള സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് വേണ്ടത് ചെയ്യണം. തലസ്ഥാനനഗരമായതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിലും സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലുമൊക്കെ ജോലിക്ക് വരുന്ന ഒരുപാട് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകളുണ്ട്. ഇവിടെ ഹോസ്റ്റൽ സൗകര്യം വളരെ കുറവാണ്. ഹോസ്റ്റൽ സൗകര്യം കുറവായതുകൊണ്ടുതന്നെ അവർക്ക് താമസിക്കുന്നതിനു വേണ്ടിയുള്ള യാതൊരു സൗകര്യവുമില്ല. ഗവൺമെന്റിന്റെ മറ്റ് സൗകര്യങ്ങളും സംവിധാനങ്ങളൊന്നും തന്നെയില്ല. അതുകൊണ്ട് അങ്ങയുടെ വകുപ്പിന്റെ നേതൃത്വത്തിൽ നന്ദാവനത്തുള്ള അനാഥമായി കിടക്കുന്ന സ്ഥലത്ത് എസ്. സി./എസ്.ടി. വിഭാഗത്തിന് ലേഡീസ് ഹോസ്റ്റൽ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് നന്ദാവനത്ത് പഴയ കെട്ടിടത്തിലാണ് മുമ്പ് പ്രവർത്തിച്ചുവന്നിരുന്നത്. ഇവിടെ 2002-ൽ പുതിയ ഡയറക്ടറേറ്റ് പണികഴിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ 2006 വരെ പഴയ കെട്ടിടത്തിൽ നിന്ന് ഡയറക്ടറേറ്റ് ഷിഫ്റ്റ് ചെയ്യാതിരുന്നതിനാൽ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിനായി പി.ഡബ്ല്യു. ഡി.ക്ക് കൈമാറാനായില്ല. 2007 ജനുവരിയിൽ ഡയറക്ടറേറ്റ് പി.ടി.പി.നഗറിലേക്ക് താൽക്കാലികമായി മാറ്റുകയുണ്ടായി. പി.ടി.പി. നഗറിലെ ഓഫീസ് നഗരത്തിൽ നിന്ന് ഏറെ അകലെയായതിനാൽ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഓഫീസ് ആവശ്യങ്ങൾക്ക് ബന്ധപ്പെടുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് വെള്ളയമ്പലം കനകനഗറിൽ പണി പൂർത്തീകരിച്ച വകുപ്പിന്റെ പുതിയ അഞ്ചുനില കെട്ടിടത്തിലേക്ക് ഡയറക്ടറേറ്റ് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. പട്ടികജാതി വിഭാഗക്കാരുടെ ഓഫീസുകൾ ഒരുമിച്ച് ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനായി വിഭാവനം ചെയ്യുകയും ഈ കെട്ടിടത്തിന് അയ്യങ്കാളി ഭവനെന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഇപ്പോൾ പട്ടികജാതി വികസന ഡയറക്ടറേറ്റ് ഈ കെട്ടിടത്തിൽ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടി ഗുണഭോക്താക്കൾക്ക് ഏറെ സൗകര്യപ്രദമായി പ്രവർത്തിച്ചുവരികയാണ്. അയ്യങ്കാളി ഭവനിൽ ഇപ്പോൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ പട്ടികജാതി വികസന ഓഫീസ്, ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ദക്ഷിണ മേഖലാ ഓഫീസ്, പട്ടികജാതി.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ചോദ്യം അതല്ല. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടാൻ പറ്റുമോയെന്നുള്ളതാണ് സബ്മിഷൻ.

ശ്രീ. എ. കെ. ബാലൻ : അതാണ് പറഞ്ഞത് സർ. പട്ടികവർഗ്ഗ കമ്മീഷൻ തുടങ്ങിയ എല്ലാ ഓഫീസുകളും ഇപ്പോൾ അവിടെ പ്രവർത്തിച്ചുവരികയാണ്. പട്ടികജാതി വികസന വകുപ്പിന് സ്വന്തമായി ഡയറക്ടറേറ്റിന്റെ കെട്ടിടം പൂർത്തിയായ സാഹചര്യത്തിൽ നന്ദാവനത്ത് പഴയ ഡയറക്ടറേറ്റ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ലഭ്യമായിട്ടുള്ള 28 സെന്റ് സ്ഥലത്ത് 2,98,00,000 രൂപ ചെലവിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണികഴിപ്പിക്കാൻ

ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് അഞ്ചു ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരിൽ പത്തു ശതമാനത്തോളം പട്ടികവിഭാഗത്തിൽപ്പെടുന്നവരാണ്. ഇവരിൽ പലരും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന് തിരുവനന്തപുരത്ത് ജോലി നോക്കുകയാണ്. സംസ്ഥാന തലസ്ഥാനത്ത് ട്രെയിനിംഗ് മുതലായ ഔദ്യോഗിക ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്നും എത്തിപ്പെടുന്നവരുണ്ട്. ഈ വിഭാഗത്തിലുൾപ്പെടുന്ന വനിതാ ജീവനക്കാർക്ക് സുരക്ഷിതമായും സൗകര്യപ്രദമായും കുറഞ്ഞ ചെലവിലും തിരുവനന്തപുരത്ത് താമസിക്കാൻ സൗകര്യമേർപ്പെടുത്തുന്ന ഒരു പുതിയ പദ്ധതിയാണ് നന്ദാവനത്തെ നിർദ്ദിഷ്ട വർക്കിംഗ് വിമൻസ് ഹോസ്റ്റൽ. ഇത് പണികഴിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച അയ്യങ്കാളി ഭവന്റെ മുമ്പിൽ സ്ഥാപിക്കണമെന്നു പറഞ്ഞ പ്രതിമയുടെ കാര്യംകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(6) ആഫ്രിക്കൻ ഒച്ചുകൾ

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും അതുപോലെ തന്നെ ആരോഗ്യ വകുപ്പുമന്ത്രിയും കൂടി ഒന്നു ശ്രദ്ധിക്കണം. ഇന്ന് കേരള ത്തിന്റെ വിവിധ മേഖലകളിൽ അതായത് തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ ചില മേഖലകളിലൊക്കെത്തന്നെ ആഫ്രി ക്കൻ ഒച്ച് എന്നുപറയുന്ന ജീവി വ്യാപകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥ കാണുകയാണ്. വളരെ ഭീതി പരത്തുന്ന തരത്തിലുള്ള ഒരു ജീവി യാണ് ആഫ്രിക്കൻ ഒച്ച്. അത് കടിച്ചാൽ ചൊറിച്ചിലുണ്ടാകും. 2006 കാല ഘട്ടം മുതലാണ് ഇതിന്റെ വരവ് കാണുവാൻ കഴിഞ്ഞത്. ആ സമയത്ത് ഈ ഒച്ചുകളെ ഒഴിവാക്കുന്നതിനുവേണ്ടി ഉപ്പ് വാരിവിതറി ഒരു ശ്രമം നടത്തിയി രുന്നു. അന്ന് സ്കൂൾ കുട്ടികളും കോളേജ് വിദ്യാർത്ഥികളും ചെറുപ്പക്കാരു മൊക്കെ ചേർന്നുകൊണ്ട് ഞങ്ങളെല്ലാവരും നേതൃത്വം കൊടുത്തുകൊണ്ട് അതി നൊരു നടപടി സ്വീകരിച്ചു. പക്ഷേ ഇന്നത് വളരെ വ്യാപകമായി വർദ്ധിച്ചിരിക്കുക യാണ്. ഇത് ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നതാണ്. ഇതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പത്രങ്ങളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. ഒരു ശാസ്ത്രീയമായ പഠനം നടത്തി ഇതിന് പരിഹാരമാർഗ്ഗം ഉണ്ടാക്കണം എന്നുള്ളതാണ് എന്റെ ആവശ്യം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u> : സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് ഉന്നയിച്ച കാര്യം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കോന്നിയിലും ചെന്നീർക്കരയിലും മറ്റു ചില സ്ഥലങ്ങളിലും ജനങ്ങളെ വല്ലാതെ അലട്ടികൊണ്ടിരിക്കുന്നതാണ്. ഇത് ഈസ്റ്റ് ആഫ്രിക്കയിൽ

LIBRARY ARCHIVES Kerala Legislative Assembly